"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് - തിരുവനന്തപുരം ജില്ല - ആറ്റിങ്ങൽ നിയമസഭാ മണ്ഡലം - **'കിളിമാനൂർ ബ്ലോക്ക് ഓഫീസിൽ പഠന ഗവേഷണ കേന്ദ്രം'** എന്ന പ്രവൃത്തിക്ക് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1400/2025/LSGD തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.02.2025, 03.05.2025 എന്നീ തീയതികളിലെ LSGD/PD/6009/2025-DB1 നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം ജില്ല ആറ്റിങ്ങൽ നിയമസഭാ മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ 2613 ആയി ഉൾപ്പെടുത്തി 100 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തിയിട്ടുള്ളതുമായ **'കിളിമാനൂർ ബ്ലോക്ക് ഓഫീസിൽ പഠന ഗവേഷണ കേന്ദ്രം'** എന്ന പ്രവൃത്തിക്കു ഭരണാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുബന്ധം II വാല്യം II - ക്രമ നമ്പർ 2613 ആയി ഉൾപ്പെടുത്തി 100 ലക്ഷം രൂപ അടങ്കൽ തുകയും ആയതിന്റെ 20% തുക വകയിരുത്തിയിട്ടുള്ളതുമായ **'കിളിമാനൂർ ബ്ലോക്ക് ഓഫീസിൽ പഠന ഗവേഷണ കേന്ദ്രം'** എന്ന പ്രവൃത്തിക്കാവശ്യമായ സ്ഥലം കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിനകത്ത് മെയിൻ ബിൽഡിംഗിന് പുറകിലായി ലഭ്യമായിട്ടുള്ളതാണെന്നതിനാൽ ടി പ്രവൃത്തിയ്ക്ക് 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയും, പ്രവൃത്തിയ്ക്കാവശ്യമായ ചെലവ് 4515-00-800-92 (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനുമുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha L
Date: 06-06-2025 13:31:29

സെക്ഷൻ ഓഫീസർ

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്, തിരുവനന്തപുരം ജില്ല
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് എ&ഇ), തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (E-3098542/DEV-3/80/2025-FIN തീയതി 02.04.2025) (എ.എസ് നമ്പർ : AS/LGD/25/42132)
5. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി1/87/2025/എൽ.എസ്.ജി ഡി)